പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3760 — 30.01.2014 ൽ മറുപടിക്ക്

# പാചകവാതക ടാങ്കർ മറിഞ്ഞുള്ള ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ:<br>,, ടി. വി. രാജേഷ് :<br>,, ജെയിംസ് മാത്യൂ :<br>ശ്രീമതി പി. അയിഷാ പോറ്റി: | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) പാചകവാതകം ഉൾപ്പെടെയുള്ള സ്ഫോടക ശക്തിയുള്ള വസ്തുക്കളുടെ റോഡ് മാർഗ്ഗമുള്ള നീക്കം സംസ്ഥാനത്തെങ്ങും ഭീതി ജനകമായിരിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) കല്യാശ്ശേരി, ചാല, കരുനാഗപ്പള്ളി തുടങ്ങിയയിടങ്ങളിലേതുൾപ്പെടെ പാചകവാതക ടാങ്കറുകൾ മറിഞ്ഞുള്ള ദുരന്തങ്ങൾ ആവർത്തിക്കുന്ന പശ്ചാത്തലത്തിൽ ഇത് ആവർത്തിക്കാതിരിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; | (ബി) ഇത്തരത്തിലുള്ള ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) ഇരുപതുപേർ മരണപ്പെട്ട ചാല ദുരന്തത്തിനു ശേഷം ഇക്കാര്യത്തിൽ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; സർക്കാർ പ്രഖ്യാപനങ്ങൾ നടപ്പാക്കുകയുണ്ടായോ; വെളിപ്പെടുത്താമോ; | (സി) ചാല ദുരന്തത്തിന് ശേഷം അന്നത്തെ ബഹു: ഗതാഗത വകുപ്പു മന്ത്രി മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥൻമാരുമായി 04.09.2012 ന് കൂടിചേർന്ന യോഗത്തിൽ അപകടകരമായ വസ്തുക്കൾ കൊണ്ടു പോകുന്ന വാഹനങ്ങൾ ഓടിക്കുന്ന ഡ്രൈവർമാർക്ക് ലൈസൻസ് നൽകുന്ന വേളയിലും, പുതുക്കുന്ന അവസരത്തിലും ബന്ധപ്പെട്ട ചട്ടങ്ങളും, നിയമങ്ങളും കർശനമായി പാലിക്കണമെന്ന് തീരുമാനിക്കുകയും ഇതു സംബന്ധിച്ച് എല്ലാ ഉദ്യോഗസ്ഥർക്കും കർശന നിർദ്ദേശം നൽകുകയും ചെയ്യുകയുണ്ടായി. കൂടാതെ ലൈസൻസ് യഥാസമയം പുതുക്കുന്നുണ്ടെന്നും, പുതുക്കുന്ന അവസരത്തിൽ ഫയർ & സേഫ്റ്റി സർട്ടിഫിക്കറ്റ് |

| | |
|---|---|
| | മെഡിക്കൽ സർട്ടിഫിക്കറ്റ്, കണ്ണ് പരിശോധനാ സർട്ടിഫിക്കറ്റ് എന്നിവയും പരിശോധിക്കണമെന്നും തീരുമാനിക്കുകയുണ്ടായി. കൂടാതെ വ്യാജ ഫയർ & സേഫ്റ്റി സർട്ടിഫിക്കറ്റുകൾക്കെതിരെ ജാഗ്രത പാലിക്കണമെന്നും, അത്തരത്തിലുള്ള സർട്ടിഫിക്കറ്റുകൾ നൽകുന്ന സ്ഥാപനങ്ങൾക്കെതിരെ കർശന നടപടി എടുക്കണമെന്നും തീരുമാനിച്ചു. ഇതു സംബന്ധിച്ച് എല്ലാ ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകി. കൂടാതെ ഹസാർഡസ് ഗുഡ്സ് ലൈസൻസ് പുതുക്കുന്നതിന് മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റ് നിർബന്ധമാക്കുക എന്നത് സർക്കാരിന്റെ പരിഗണനയിലാണ്.<br><br>കൂട്ടത്തോടെയുള്ള ടാങ്കർ ലോറികളുടെ സഞ്ചാരത്തിന് നിയന്ത്രണം വേണമെന്നും, ഇവ റോഡിൽ കൂടി ഓടിക്കുന്നതിനും, പാർക്ക് ചെയ്യുന്നതിനും വാഹനങ്ങൾ തമ്മിൽ അര കിലോമീറ്റർ എങ്കിലും അകലം പാലിക്കണമെന്നും, അതിലേയ്ക്കായി നടപടികൾ സ്വീകരിക്കാൻ എല്ലാ ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകി. കൂടാതെ നാഷണൽ പെർമിറ്റ് ഉള്ള ഹസാർഡസ് ഗുഡ്സ് വാഹനങ്ങളിൽ രണ്ട് ഡ്രൈവർമാർ ഉണ്ടായിരിക്കണമെന്ന് ഉറപ്പു വരുത്തണമെന്നും, മദ്യപിച്ചുള്ള ഡ്രൈവിംഗിനെതിരെ കർശന നടപടി സ്വീകരിക്കണമെന്നും നിർദ്ദേശം നൽകി. എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തുന്നതിലേയ്ക്കായി ആൽക്കോമീറ്ററുകൾ വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ടാങ്കറുകളിൽ ജി.പി.എസ് ഘടിപ്പിക്കുന്നതിനുള്ള സാദ്ധ്യതയും പഠിക്കുന്നതിലേയ്ക്കായി ഒരു സമിതി രൂപീകരിച്ചു. പോലീസും പൊതുമരാമത്ത് വകുപ്പുമായി സഹകരിച്ച് ഏതാണ്ട് മൂന്നൂറ് |

| | | | |
|---|---|---|---|
| | | | അപകട സാദ്ധ്യത കൂടിയ സ്ഥലങ്ങൾ കണ്ടുപിടിച്ച് അവിടങ്ങളിലും സൈൻ ബോർഡുകൾ, ബ്ലിങ്കർ ലൈറ്റുകൾ എന്നിവ സ്ഥാപിച്ചു. കൂടാതെ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ സുരക്ഷാ നടപടികൾ വിലയിരുത്തിവരുന്നു. ഓയിൽ കമ്പനികളുമായി സഹകരിച്ച് ടാങ്കർ ലോറികളുടെ ഡ്രൈവർമാർക്ക് പരിശീലനം നൽകി വരുന്നു. ദൈനംദിന പരിശോധനയിലും ഫിറ്റ്നസ് പരിശോധനാ സമയത്തും വാഹനങ്ങളുടെ സുരക്ഷാ നടപടികൾ പരിശോധിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കല്ല്യാശ്ശേരിയിൽ ഉണ്ടായ ടാങ്കർ ലോറി അപകടത്തിന്റെ പശ്ചാത്തലത്തിൽ ചീഫ് സെക്രട്ടറി 20.01.2014 ൽ ഓയിൽ കമ്പനി ഉദ്യോഗസ്ഥരുടെയും പോലീസ്, റവന്യൂ, മോട്ടോർ വെഹിക്കിൾ ഉദ്യോഗസ്ഥരുടെയും യോഗം ചേർന്ന് സുരക്ഷാനടപടികൾ വിലയിരുത്തുകയുണ്ടായി. |
| (ഡി) | സംസ്ഥാനത്തുണ്ടായ പാചകവാതക ടാങ്കർ സ്ഫോടനങ്ങളിൽ മരണപ്പെട്ടവർക്കും, പരിക്കു പറ്റിയവർക്കും, നാശനഷ്ടങ്ങൾ സംഭവിച്ചവർക്കും നഷ്ടപരിഹാരം ലഭ്യമാക്കാൻ സാധിച്ചതായി അറിയാമോ; വിശദമാക്കുമോ ? | (ഡി) | ഇത്തരം അപകടങ്ങളിൽ നഷ്ടപരിഹാരം നൽകുന്നുണ്ട്. ചാല ടാങ്കർ ദുരന്തത്തി നിരയായവർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും എണ്ണക്കമ്പനികളിൽ നിന്നും ധനസഹായം അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ